# പതിമൂന്നാം കേരളനിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.104 04.02.2013 ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർക്കുള്ള സഹായം

| ചോദ്യം<br>ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | മറുപടി<br>ശ്രീ.ഉമ്മൻ ചാണ്ടി<br>(മുഖ്യ മന്ത്രി) | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ ലിസ്റ്റിൽ എത്ര പേരാണ് ഉൾപ്പെട്ടിട്ടുള്ളത് ; | (എ) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ബാധിതരുടെ അംഗീകരിക്കപ്പെട്ട പട്ടികയിൽ 4182 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. നിലവിലുള്ള 4182 പേരുടെ പട്ടികയ്ക്കു പുറമെ 2011 ആഗസ്റ്റ്, ഡിസംബർ മാസങ്ങളിൽ നടത്തിയ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകളിൽ പങ്കെടുത്തവരിൽ നിന്നും 1318 പേരുടെ പ്രാഥമിക പട്ടിക തയാറാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിലുള്ള ആളുകൾക്ക ഇതുവരെ നൽകിയ സഹായങ്ങളും ആനുകൂല്യങ്ങളും എന്തെല്ലാമാണ് ; ഇനി എത്രപേർക്ക ആനുകൂല്യങ്ങൾ ലഭിക്കാനുണ്ട് ; എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുവാനുള്ളത് ; | (ബി) | അനുബന്ധം I ആയി ചേർത്തിരിക്കുന്നു. |
| (സി) | എൻഡോസൾഫാൻ ബാധിതരുടെ പുനരധിവാസത്തിനു നബാർഡിൽ നിന്ന് ലഭിച്ച പദ്ധതികൾ എന്തൊക്കെയാണ് ; പ്രസ്തുത പദ്ധതികൾ ആരുടെ ആവശ്യ | (സി) | കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതമേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി നബാർഡ് -ആർ.ഐ.ഡി.എഫ് സ്കീമിൽ 231 പദ്ധതികളാണുള്ളത്. അംഗൻവാടികൾ, |

| | | | |
|---|---|---|---|
| | പ്രകാരമാണ് ലഭിച്ചത്; സംസ്ഥാന സർക്കാർ ഇക്കാര്യത്തിൽ വഹിച്ച പങ്ക് വ്യക്തമാക്കാമോ? | | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിലവിലുള്ള സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, പുതിയ ബഡ്സ് സ്കൂളുകൾ, ആരോഗ്യ മേഖലയിൽ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ വികസനം, പുതിയ കുടിവെള്ള പദ്ധതികൾ, നിലവിലുള്ളവ മെച്ചപ്പെടുത്തൽ തുടങ്ങിയ മേഖലകളാണ് സ്കീമിന്റെ കീഴിൽ വരുന്നത്. പദ്ധതിയുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.<br>കാസർഗോഡ് ജില്ലയിലെ എം.പി., എം.എൽ.എ.മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളിലെ പ്രസിഡന്റ് മാർ ഉൾപ്പെടെയുള്ള ജന പ്രതിനിധികൾ, ജില്ലാ കളക്ടർ, സബ് കളക്ടർ , വിവിധ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ ചേർന്ന് ദുരിതബാധിത പ്രദേശത്ത് ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ, ശുദ്ധജല വിതരണ മേഖലകളിൽ അടിയന്തരമായി ആവശ്യമുള്ള പശ്ചാത്തല വികസന പദ്ധതികൾ ചർച്ചചെയ്ത് തീരുമാനിക്കുകയും അപ്രകാരം തീരുമാനിക്കപ്പെട്ട പദ്ധതികളുടെ പ്രൊപ്പോസൽ സർക്കാരിലേക്കും നബാർഡി ലേക്കും സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതികൾക്ക് അംഗീകാരം ലഭ്യമായത്. പദ്ധതി അടങ്കലിന്റെ 15% തുക സംസ്ഥാന സർക്കാർ വഹിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം I

## ചികിത്സ

സ്നേഹ സാന്ത്വനംപദ്ധതിയുടെ ഭാഗമായി വിദഗ്ധ ചികിത്സ ആവശ്യമുള്ള രോഗികൾക്ക് കേരളത്തിലെ തിരഞ്ഞെടുക്കപ്പെട്ട 11 ആശുപത്രികളിലും കർണ്ണാടകയിലെ യെനപ്പോയ മെഡിക്കൽ കോളേജിലും സൗജന്യ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള മൊബൈൽ മെഡിക്കൽ ടീം (അലോപ്പതി, ആയുർവേദം, ഹോമിയോ വിഭാഗങ്ങളിലെ ഡോക്ടർമാരുൾപ്പെടെ) കിടപ്പിലായ രോഗികളുടെ വീടുകളിലെത്തി ചികിത്സ ലഭ്യമാക്കുന്നുണ്ട്. വിദഗ്ധ ചികിത്സ ആവശ്യമുള്ളവരെ വിവിധ ആശുപത്രികളിൽ എത്തിക്കുന്നതിനായി വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 11 ദുരിതബാധ പഞ്ചായത്തുകളിലെ പി.എച്ച്.സി.കളിലും ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

## വിദ്യാഭ്യാസ സ്കോളർഷിപ്പ്

എൻഡോസൾഫാൻ ദുരിതബാധിത കുടുംബത്തിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്ക് 2012-13 അദ്ധ്യയനവർഷത്തിൽ 2292 പേർക്ക് സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

## മരണമടഞ്ഞവരുടെ ബന്ധുക്കൾക്കുള്ള സാമ്പത്തിക സഹായം

എൻഡോസൾഫാൻ ദുരിതബാധിത പ്രദേശത്ത് മരണപ്പെട്ട 734 പേരുടെ ബന്ധുക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്.

## ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശ ചെയ്ത പ്രകാരമുള്ള നഷ്ടപരിഹാര വിതരണം

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടി ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശുപാർശകൾ അംഗീകരിച്ച് നടപ്പിലാക്കുവാൻ തീരുമാനിച്ച് പുറപ്പെടുവിച്ച 26.05.2012 ലെ സ.ഉ(എം.എസ്) നം.147/12/ആ.കു.വ. പ്രകാരം പൂർണ്ണമായി കിടപ്പിലായവർക്ക് 5 ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് 3 ലക്ഷം രൂപയും ഗഡുക്കളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ആ പാക്കേജിനാവശ്യമായി വരുന്ന തുകയുടെ ആദ്യ ഗഡു (50% ആയി നിജപ്പെടുത്തി) പ്ലാന്റേഷൻ കോർപ്പറേഷൻ വഹിക്കേണ്ടതാണെന്നും ബാക്കിയുള്ള 50% സർക്കാർ അടുത്ത ഘട്ടത്തിൽ വഹിക്കുന്നതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. ആയതിൻ പ്രകാരം ഒന്നാം ഗഡുവായ 27.0425 കോടി രൂപ ( ഇരുപത്തിയേഴ് കോടി നാല് ലക്ഷത്തി ഇരുപത്തയ്യായിരം ) കാസർഗോഡ് ജില്ലാ കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. 28.06.12 ലെ സ.ഉ(എം.എസ്)നം.198/12/ആ.കു.വ. പ്രകാരം ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശചെയ്ത പ്രകാരം എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ വീതം അനുവദിച്ച് ഉത്തരവായിരുന്നു.മൊത്തം 17.82 കോടി രൂപ മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് നൽകാൻ സർക്കാർ അനുവദിച്ചിരുന്നു. ജി.ഒ.(എം.എസ്)373/12/ആ.കു.വ

6.11.12 അനുസരിച്ച് എൻഡോസൾഫാൻ തളിച്ച തുടങ്ങിയതിനുശേഷം ജനിച്ച ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച പ്രകാരം 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകാൻ സർക്കാർ ഉത്തരവായിരുന്നു.

സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും കിടപ്പിലായ 186 പേർക്ക് ഇതിനകം ആദ്യ ഗഡുവായ 1.5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച 796 പേർക്ക് 1.5 ലക്ഷം രൂപവീതവും ശാരീരിക വൈകല്യമുള്ള 632 പേർക്ക് 1 ലക്ഷം രൂപ വീതവും ആദ്യ ഗഡു നഷ്ടപരിഹാരമായി അനുവദിച്ച് നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ എൻഡോസൾഫാൻ ദുരന്തബാധിതരിൽ മരണപ്പെട്ട 400 പേരുടെ ബന്ധുക്കൾക്ക് ധനസഹായം അനുവദിക്കുന്നതിലേക്കായി അവരുടെ പേരിൽ ആദ്യഘട്ടമായി 1.5 ലക്ഷം രൂപ വീതം നിക്ഷേപിച്ചിട്ടുണ്ട്.

**സൗജന്യറേഷൻ**

ദുരിതബാധിതരുടെ അംഗീകരിക്കപ്പെട്ട പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ കുടുംബങ്ങൾകക്ക് സൗജന്യറേഷൻ അനുവദിച്ചുവരുന്നുണ്ട്.

**പ്രതിമാസ സാമ്പത്തിക സഹായം**

എൻഡോസൾഫാൻ ദുരിതബാധതരുടെ പട്ടികയിൽ ഉൾപ്പെട്ട കാറ്റഗറി 1,2 എന്നീ വിഭാഗങ്ങളിൽപെട്ടവർക്ക് പ്രതിമാസം 2000 രൂപ വീതവും 3 ൽ പെട്ടവർക്ക് 1000 രൂപ വീതവും പ്രതിമാസ ധനസഹായം ഇപ്പോൾ കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖാന്തിരം നൽകി വരുന്നുണ്ട്.

**ബഡ്സ് സ്കൂൾ**

കാസർഗോഡ് ജില്ലയിലെ മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾക്കായി ജില്ലയിൽ 7 ബഡ്സ് സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ട്.

ദേശീയ മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്ത പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള 4182 പേരുടെ പട്ടികയിൽ പെട്ട പൂർണ്ണമായും കിടപ്പിലായവർ, ബുദ്ധിമാന്ദ്യം സംഭവിച്ചവർ, ശാരീരിക വൈകല്യമുള്ളവർ എന്നീ വിഭാഗങ്ങളിലുള്ള 1613 പേർക്കാണ് നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളത്. 2011 ആഗസ്റ്റ് , ഡിസംബർ മാസങ്ങളിലെ മെഡിക്കൽ ക്യാമ്പുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പട്ടിക അന്തിമമാക്കി നിലവിൽ എൻഡോസൾഫാൻ ദുരിതബാധതർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

അനുബന്ധം - II

| Sl No | Name of Work |
|---|---|
| | **APPROVED PROJECT LIST** |
| | **HEALTH ALOPATHY** |
| **Sl No** | **Name of Work** |
| 1 | Construction of PHC Kayyur |
| 2 | Construction of CHC Building Cheruvathur |
| 3 | Construction of Hospital Complex Poodumkallu |
| 4 | Construction of FWC Malakkallu |
| 5 | Construction of F W Sub-centre Panathur |
| 6 | Construction of I P Block Panathur |
| 7 | Construction of Hospital building CHC Periye |
| 8 | Construction of FWC Athinjal |
| 9 | Construction of Building for FWC Malligamadu |
| 10 | Construction of Meeting hall cum class room at PHC Ajanur |
| 11 | Construction of Hospital building for PHC Anandasramam |
| 12 | Construction of CHC and 3 staff Quarters Muliyar |
| 13 | Construction of Building for FWC Muliyar |
| 14 | Construction of New building for PHC Mulleria |
| 15 | Construction of Building for FWC Agalpadi |
| 16 | Construction of Building for FWC Belinje |
| 17 | Construction of Building for FWC Gadigudde |
| 18 | Construction of building for PHC Kinningar |
| 19 | Construction of Quarters at PHC Kumbadaje |
| 20 | Construction PHC Kumbadaje |
| 21 | Extention of CHC Badiaduka |
| 22 | Construction of Building for FWC Kajampady |
| 23 | Construction of Building for FWC Vottayadukka |
| 24 | Construction of Building to Nileshar Taluk Hospital |
| 25 | Construction of Govt. Taluk Hospital Trikaripur |
| 26 | Construction of new IP Block building Kanhangad |
| 27 | Construction of Building for Palliative care society Karinthalam |
| 28 | Construction of Quarters for PHC Mulleria, Karadukka |
| 29 | Construction of Subcentre for PHC at Mulleria, Karadukka |
| 30 | Construction of Subcentre for PHC Mulleria at Minchipadav |
| 31 | Comprehensive development for CHC Bedadukka. |
| | **HEALTH AYURVEDA** |
| 1 | Construction of Ayurvedic Hospital Cheemeni |
| 2 | Construction of Building for Ayurvedic dispensary Ambalathara |
| 3 | Construction of Building for Ayurvedic dispensary Haripuram |
| 4 | Construction of Building for Ayurvedic dispensary Adhoor |
| 5 | Construction of Building for Ayurvedic dispensary Nattekkal |
| 6 | Construction of Building for Ayurvedic dispensary Badiaduka |
| 7 | Construction of Building for Ayurvedic dispensary Perla |
| | **HEALTH HOMEO** |
| 1 | Construction of Building for Homeo dispensary Villarampathy |
| 2 | Construction of Building for Homeo Dispencary Gadigudde |
| 3 | Construction of Building for Homeo Dispencary Pallapady |
| 4 | Construction of building forHomeo Dispesary Perla |
| | **HEALTH - VETERINARY** |
| 1 | Extention of veterinary Dispensary Periye |
| 2 | Construction of ICDP Sub centre Ayampara |
| 3 | Construction of ICDP Sub centre Iriye |
| 4 | Construction of ICDP Sub centre Kanhiradukkam |
| 5 | Construction of ICDP Sub centre Nattekkal, Bellur |
| | **GENERAL EDUCATION** |
| 1 | Construction of New Buds school building Kayyur |

| | |
|---|---|
| 2 | Construction of New Buds school building Kallar |
| 3 | Construction of New Buds school building Madhakka |
| 4 | Construction of New Buds school building Panathadi |
| 5 | Construction of New Buds school building Periye |
| 6 | Construction of New Buds school building Karaduka |
| 7 | Construction of New Buds school building Kumbadaje |
| 8 | Construction of New Buds school building Perla |
| 9 | Construction of New Buds school building Muliyar |
| 10 | Construction of New Buds school building Badiaduka |
| 11 | Construction of A E O 's office building Cheruvathur |
| 12 | Construction of GHSS Cheemeni |
| 13 | Construction of building for GHSS Chemeni |
| 14 | Construction of Building for GUPS Kooliyad |
| 15 | Construction of Building for GUPS Muzhzkkom |
| 16 | Construction of Building for GUPS Nalilamkandam |
| 17 | Construction of GVHSS Kayyur |
| 18 | Construction of GVHSS Kayyur |
| 19 | Construction of building for GHSS Balamthode |
| 20 | Construction of building for GHSS Balamthode |
| 21 | Improvements to GHSS Chamundikunnu |
| 22 | Construction of Building for GHSS Kottodi |
| 23 | Construction of Building for GLPS Chullikkara |
| 24 | Construction of building for GHSS Kalliyot |
| 25 | Construction of building for GHSS Kalliyot |
| 26 | Construction of building for GHSS Kuniya |
| 27 | Construction of Building for GHSS Periye |
| 28 | Construction of Building for SRMGHSS Ramnagar |
| 29 | Construction of Building for GHSS Ravaneswaram |
| 30 | Construction of Building for GHSS Ravaneswaram |
| 31 | Construction of Building for GMLPS Ajanur |
| 32 | Construction of Building for GLPS Chalingal |
| 33 | Construction of Building for GLPS Muchilot |
| 34 | Construction of Building for GLPS Periye |
| 35 | Construction of Building for GUPS Ayampara |
| 36 | Construction of Building for GUPS Pullur |
| 37 | Construction of Building for GUPS Pullur Iriye |
| 38 | Construction of Building for GUPS Puthiyakandam |
| 39 | Construction of Building for GVHSS Ambalthara |
| 40 | Construction of Building for GVHSS Ambalthara |
| 41 | Construction of Building for MPGVHSS Bellikoth |
| 42 | Construction of Building for MPGVHSS Bellikoth |
| 43 | Construction of building for GVHSS Kunuya |
| 44 | Construction of building for GHSS Adhur |
| 45 | Construction of building for GHSS Adhur |
| 46 | Construction of Kitchen to GLPS Bavikkara |
| 47 | Construction of Building for GLPS Iriyyanni |
| 48 | Improvements to GLPS Mundakkai |
| 49 | Construction of Building for GUPS Kanathur |
| 50 | Construction of Building for GUPS Muliyar Mappila |
| 51 | Construction of Building for GVHSS iriyyanni |
| 52 | Construction of Building for GVHSS iriyyanni |
| 53 | Construction of Building for GVHSS Karadukka |
| 54 | Construction of Building for GVHSS Karadukka |
| 55 | Construction of Building for GVHSS Mulleria |
| 56 | Construction of Building for GVHSS Mulleria |
| 57 | Construction of building for GHSS Nattekkal |
| 58 | Construction of building for GHSS Nattekkal |

| | |
|---|---|
| 59 | Construction of Class room to GJBS Kumbadaje |
| 60 | Construction of Building for GLPS Nettanige |
| 61 | Construction of building for GBUPS Perdala |
| 62 | Construction of building for SSALPS Udayagiri |
| 63 | Construction of Kitchen to SABMUPS Vidyagiri |
| 64 | Improvements to GWLPS Bela |
| 65 | Construction of building for GHSS PANATHUR |
| 66 | Construction of School and Library for GUPS Velaswaram, Chithari. |
| | **SOCIAL WELFARE** |
| 1 | Construction of Anganvadi Building Muzhakkom- Vadakkekara |
| 2 | Construction of Anganvadi Building Poothamkandath |
| 3 | Construction of Anganvadi Building Prantharkavu |
| 4 | Construction of Anganvadi Building Kallappalli |
| 5 | Construction of Anganvadi Building Periyaram |
| 6 | Construction of Anganvadi Building Thumbodi |
| 7 | Construction of Anganvadi Building Thacharkadavu |
| 8 | Construction of Anganvadi Building Pattuvam |
| 9 | Construction of Anganvadi Building Kolappuram |
| 10 | Construction of Anganvadi Building Kadamala |
| 11 | Construction of Anganvadi Building Adottukaya |
| 12 | Construction of Anganvadi Building Chirakkode |
| 13 | Construction of Anganvadi Building Chettukallu |
| 14 | Construction of Anganvadi Building Perumbally |
| 15 | Construction of Anganvadi Building Kappally |
| 16 | Construction of Anganvadi Building Kaneeladukkam |
| 17 | Construction of Anganvadi Building Kalliyot |
| 18 | Construction of Anganvadi Building Thazhathu Periye |
| 19 | Construction of Anganvadi Building Keloth |
| 20 | Construction of Anganvadi Building Periye |
| 21 | Construction of Anganvadi Building Kanhiradukkam |
| 22 | Construction of Anganvadi Building Niduvotpara |
| 23 | Construction of Anganvadi Building Karakkunnu |
| 24 | Construction of Anganvadi Building Moolakandam |
| 25 | Construction of Anganvadi Building Kottoor |
| 26 | Construction of Anganvadi Building Madaninagar |
| 27 | Construction of Anganvadi Building Iriyanni |
| 28 | Construction of Anganvadi Building Manjakkal |
| 29 | Construction of Anganvadi Building Maikuzhy |
| 30 | Construction of Anganvadi Building Mundakaivalavu |
| 31 | Construction of Anganvadi Building Bench court |
| 32 | Construction of Anganvadi Building Panoor |
| 33 | Construction of Anganvadi Building Bovikkanam |
| 34 | Construction of Anganvadi Building Navumgalkatte |
| 35 | Construction of Anganvadi Building Kattallubayal |
| 36 | Construction of Anganvadi Building Karle |
| 37 | Construction of Anganvadi Building Malamkai |
| 38 | Construction of Anganvadi Building Adhur pallam |
| 39 | Construction of Anganvadi Building 17 ' th Mile |
| 40 | Construction of Anganvadi Building Kallamgod |
| 41 | Construction of Anganvadi Building Kukkamkai |
| 42 | Construction of Anganvadi Building Poothapalam |
| 43 | Construction of Anganvadi Building Kayarpadavu |
| 44 | Construction of Anganvadi Building Kayimala |
| 45 | Construction of Anganvadi Building Baja |
| 46 | Construction of Anganvadi Building Perumthotty |
| 47 | Construction of Anganvadi Building Puthrakala |
| 48 | Construction of Anganvadi Building Gosada |

| | |
|---|---|
| 49 | Construction of Anganvadi Building Galigudde |
| 50 | Construction of Anganvadi Building Bellige |
| 51 | Construction of Anganvadi Building Belinje |
| 52 | Construction of Anganvadi Building Muniyoor |
| 53 | Construction of Anganvadi Building Madathadukka |
| 54 | Construction of Anganvadi Building Kangila |
| 55 | Construction of Anganvadi Building Chimminiyadukka |
| 56 | Construction of Anganvadi Building Seethamgoli |
| 57 | Construction of Anganvadi Building Chottathadukka |
| 58 | Construction of Anganvadi Building Pilamkatta |
| 59 | Construction of Anganvadi Building Malamkara |
| 60 | Construction of Anganvadi Building Seraje |
| 61 | Construction of Anganvadi Building Adka |
| 62 | Construction of Anganvadi Building Sarpamgala |
| 63 | Construction of Anganvadi Building Gunaje |
| 64 | Construction of Anganvadi Building Pallom |
| 65 | Construction of Anganvadi Building Chavarkad |
| 66 | Construction of Creche Building 13th mile Karadukka |
| | **WATER AUTHORITY** |
| 1 | Water Supply Scheme to Kundala |
| 2 | Water Supply Scheme to Kukkumkai |
| 3 | Water Supply Scheme to Kundar Hunsadka |
| 4 | Water Supply Scheme to Ambikanagar |
| 5 | Water Supply Scheme to Manhampara |
| 6 | Water Supply Scheme to Minchipadavu |
| 7 | Water Supply Scheme to Periyadka Mulleriya |
| 8 | Water Supply Scheme to GVHSS Karadka |
| 9 | Water Supply Scheme to Nechipadappu |
| 10 | Water Supply Scheme to Kottanamoola |
| 11 | Water Supply Scheme to Kottamkuzhy |
| 12 | Water Supply Scheme to Karmanthody ( Moodamkulam) |
| 13 | Water Supply Scheme to Kallumgudlu |
| 14 | Water Supply Scheme to Beerangole |
| 15 | Water Supply Scheme to Berlam |
| 16 | Water Supply Scheme to Kayyur |
| 17 | Water Supply Scheme to Gadigudde |
| 18 | Water Supply Scheme to Pavooradka |
| 19 | Water Supply Scheme to Puthrakala |
| 20 | Water Supply to Belinje & Korakkad |
| 21 | Water Supply Schemeto Thappekallu & Mannappu |
| 22 | Water Supply Scheme to CH nagar |
| 23 | Water Supply Scheme to Marappanadka |
| 24 | Water Supply Scheme to Yethadka |
| 25 | Water Supply Scheme to Maniyoor |
| 26 | Water Supply Scheme to Kumbadaje |
| 27 | Water Supply Scheme to Karvalathadka |
| 28 | Water Supply Scheme to Erupakkata |
| 29 | Water Supply Scheme to Karamoola |
| 30 | Water Supply Scheme to Kaduppamkuzhy |
| 31 | Water Supply Scheme to Pallathadka |
| 32 | Water Supply Scheme to Vidyagiri(Panchikal) |
| 33 | Water Supply Scheme to Muglikana |
| 34 | Water Supply Schemeto Kattukukke |
| 35 | Water Supply Scheme to Maniyampara |
| 36 | Water Supply Scheme to Kandige |
| 37 | Water Supply Scheme to Kanathur kottarakkara |
| 38 | Water Supply Scheme to Kizhakkekara Chedikkallu SC colony |

| | |
|---|---|
| 39 | Water Supply Scheme to Erinjeri SC colony |
| 40 | Water Supply Scheme to Kattipallam |
| 41 | Water Supply Scheme to Majakkar SC colony |
| 42 | Water Supply Scheme to Iriyanni Laksham veedy colony |
| 43 | Water Supply Scheme to Cheeramkode |
| 44 | Water Supply Scheme to Chiplikaya |
| 45 | Water Supply Scheme to Pullur |
| 46 | Water Supply Scheme to Ayampara kaliyadukkam |
| 47 | Water Supply Scheme to Pullur |
| 48 | Water Supply Scheme to Pullur Periya |
| 49 | Water Supply Scheme to Endosulfan area Enmakaje and adjoining villages in Kasaragod Taluk - Laying of balance distribution net work |
| 50 | Water Supply Scheme to Endosulfan area at Kallar Grama Panchayat in Hosdurg Taluk |
| 51 | Water Supply Scheme to Endosulfan area of Panathady Grama Panchayat in Hosdurg Taluk, Improving existomg RWSS to Gandhi puram . |
| 52 | Water Supply Scheme to Endosulfan area at various places in Muliyar Grama Panchayat. |